GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/06/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്കിന് കീഴിലുള്ള അഞ്ചൽ, ഇടമുളക്കൽ, അലയമൺ, കരവാളൂർ, ഏരൂർ, കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ് എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 10 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് അഞ്ചൽ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സുമി ഐ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470355 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വയനാട് സെന്റർ ഓഫ് എക്സലൻസ് ഫോർ വെജിറ്റബിൾസ് ആൻഡ് ഫ്ലവേഴ്സിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ

സഹകരണത്തോടെ ഹൈഡ്രോപോണിക്സ് ഉൽപ്പാദനം, മൈക്രോഗ്രീൻ കൃഷി എന്നീ വിഷയങ്ങളിൽ കർഷകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ഹൈഡ്രോപോണിക്സ് ഉൽപ്പാദന പരിശീലനം ജൂൺ 30, ജൂലൈ 1 തീയതികളിലായി രണ്ടുദിവസം നടക്കും. മൈക്രോഗ്രീൻ കൃഷി പരിശീലനം ജൂലൈ 2-ന് ഏകദിന പരിപാടിയായാണ് സംഘടിപ്പിക്കുന്നത്. ഹൈഡ്രോപോണിക്സ് പരിശീലനത്തിനുള്ള ഫീസ് 2,500 രൂപയും മൈക്രോഗ്രീൻ പരിശീലന ഫീസ് 1,250 രൂപയും ആണ്. കൂടുതൽ വിവരങ്ങൾക്ക് 7558038632 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ 35 ദിവസം പ്രായമായ BV-380 ഇനം കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് ₹175/- രൂപ (നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം). ബുക്കിങ്ങിനായി ഓഫിസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് .

4. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി (സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ

മെക്കനൈസേഷൻ – SMAM). പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 30 ലക്ഷം രൂപ വരെയുള്ള പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 24 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം അനുവദിക്കുന്നു. കൂടാതെ FRA പട്ടയുള്ള ഗുണഭോക്താക്കൾക്ക് എല്ലാ കാറ്റഗറികളിലും 90% വരെ ആനുകൂല്യങ്ങൾ ലഭ്യമാണ്. അംഗീകൃത ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് SMAM മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള സബ്സിഡി Back Ended Capital Subsidy ആയി അനുവദിക്കുന്നതാണ്. 2026-2027 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി ജൂലൈ ഒന്നിന്

(01/07/2026) രാവിലെ 11 മണി മുതൽ http://agrimachinery.nic.in/ index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

5. കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund – AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2026 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ്

ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PMFME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) “Plant Propagation and Nursery Management” എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക്

അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി **2026 ജൂലൈ 15.** 2026 ആഗസ്റ്റ്-15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ വിളിക്കാവുന്നതാണ്.